പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 3973 — 18.10.2011 ൽ മറുപടിക്ക്

## കേന്ദ്ര യൂണിവേഴ്സിറ്റിയുടെ നിർമ്മാണ പ്രവർത്തനം വൈകുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയ്ക്ക് അനുവദിച്ച കേന്ദ്ര യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലം ജില്ലയിൽ തന്നെ ലഭ്യമായിട്ടും നിർമ്മാണ പ്രവർത്തനം ആരംഭിക്കാതെ ജില്ലയോട് കാണിക്കുന്ന അവഗണനയാണെന്ന് തോന്നിപ്പിക്കുന്ന രീതിയിൽ അധികൃതരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | കാസർഗോഡ് ജില്ലയിലെ പെരിയയിൽ കേന്ദ്ര യൂണിവേഴ്സിറ്റിക്ക് ആവശ്യമായ സ്ഥലം ജില്ലയിൽ തന്നെ ലഭ്യമായെങ്കിലും പ്രസ്തുത പ്രദേശം എൻഡോസൾഫാൻ ബാധിത പ്രദേശമാണെന്ന് വാർത്തകൾ പ്രചരിച്ച സാഹചര്യത്തിൽ, ടി സ്ഥലം എൻഡോസൾഫാൻ മുക്തമാണോയെന്ന് പരിശോധിക്കേണ്ട സാഹചര്യമുണ്ടായി. അതുമൂലം ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ നേരിയ കാലതാമസം ഉണ്ടായിയെന്നല്ലാതെ കാസർഗോഡ് ജില്ലയോട് ഇക്കാര്യത്തിൽ അവഗണനയുണ്ടെന്ന് തോന്നും വിധമുള്ള പ്രവർത്തനങ്ങളോ പരാമർശങ്ങളോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ